"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കാസർഗോഡ് ജില്ലാ പഞ്ചായത്ത്- കുടുംബശ്രീ വിപണനകേന്ദ്രത്തിലെ രണ്ടാം നമ്പർ മുറിയുടെ മുൻ പാട്ടക്കാരി ആയിരുന്ന ശ്രീമതി.റംല W/o മുഹമ്മദ്, പന്നിപ്പാറ എന്നവരുടെ വാടക, വൈദ്യുതി ബിൽ ഇനത്തിലുള്ള കുടിശ്ശിക തുക ഒഴിവാക്കിയത്- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1678/2022/LSGD തീയതി,തിരുവനന്തപുരം, 14-07-2022

---

പരാമർശം:-

1. കാസർഗോഡ് റവന്യൂ റിക്കവറി തഹസിൽദാരുടെ 28.02.2022-ലെ ഡി-2391/16/പി.ഡി നമ്പർ കത്ത്.
2. കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 26.03.2022-ലെ സാധാരണ യോഗ തീരുമാനം നം.13/22.
3. കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 06.05.2022-ലെ ഡി2-2740/(2)2013 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലാ പഞ്ചായത്തിലെ കുടുംബശ്രീ വിപണന കേന്ദ്രത്തിലെ രണ്ടാം നമ്പർ മുറിയുടെ മുൻ പാട്ടക്കാരി ആയിരുന്ന ശ്രീമതി.റംല W/o മുഹമ്മദ്, പന്നിപ്പാറ എന്നവർ 2015 ആഗസ്റ്റ് മുതൽ 2016 ജനുവരി വരെയുള്ള വാടക, വൈദ്യുതി ബിൽ എന്നിവ ഒടുക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്കിയ 34,500/-രൂപ കിഴിച്ച് ബാക്കി 42,327/- രൂപ ഈടാക്കുന്നതിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിരുന്നു. ടിയാൾ ലൈഫ് പദ്ധതി പ്രകാരം ലഭിച്ച വീട്ടിൽ താമസിച്ചുവരികയാണെന്നും മൂന്ന് പെൺകുട്ടികളുള്ള ഇവരുടെ ഭർത്താവ് കിടപ്പിലാണെന്നും ഡയറ്റ് മയിപ്പാടി എന്ന സ്ഥാപനത്തിൽ സ്വീപ്പർ ജോലിയിൽ നിന്ന് കിട്ടുന്ന വരുമാനം കൊണ്ട് മാത്രമാണ് ടി കുടുംബം ജീവിച്ചുപോകുന്നതെന്നും ടിയാളുടെയോ കുടുംബത്തിന്റെയോ പേരിൽ കാസർഗോഡ് താലൂക്ക് പരിധിയിൽ മറ്റ് സ്ഥാവര ജംഗമ വസ്തുക്കൾ ഒന്നുംതന്നെ ഇല്ലെന്നും പരാമർശം (1) പ്രകാരം തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കുടുംബത്തിന്റെ ദയനീയ സ്ഥിതി പരിഗണിച്ച് കൊണ്ട് റവന്യൂ റിക്കവറി നടപടിയിൽ നിന്നും ഒഴിവാക്കുന്നതിനും ടിയാരിയുടെ വാടക വൈദ്യുതി ബിൽ ഇനത്തിൽ ബാക്കിയുള്ള കുടിശ്ശിക തുകയിൽ ഇളവ് നൽകുന്നതിനും ജില്ലാ പഞ്ചായത്ത് ഭരണസമിതി പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാൽ വാടക കുടിശ്ശിക 42,327/- രൂപ ഒടുക്കുന്നതിൽ നിന്ന് ഇളവ് അനുവദിച്ച പ്രസ്തുത തീരുമാനത്തിന്മേൽ സാധൂകരണം നൽകണമെന്ന് കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത കുടുംബത്തിന്റെ ദയനീയ സ്ഥിതി പരിഗണിച്ച കൊണ്ട് വാടക കുടിശ്ശിക 42,327/- രൂപ ഒടുക്കുന്നതിൽ നിന്ന്

ഇളവ് അനുവദിച്ച കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ തീരുമാനത്തിന്മേൽ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REEJA JUSTUS
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കാസർഗോഡ്
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 15-07-2022 08:26:03**
സെക്ഷൻ ഓഫീസർ